# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2090

## 07.07.2015- ലെ മറുപടിക്ക്

## ആസ്തി വികസന ഫണ്ട്

| ചോദ്യം<br>ശ്രീ.എം. ഉമ്മർ | ഉത്തരം<br>ശ്രീ. കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിൽ ഉണ്ടാകുന്നതായി പറയപ്പെടുന്ന കാലതാമസം സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | എം.എൽ.എ മാരുടെ നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിച്ചു കൊണ്ട് 28.12.2012 ലെ സർക്കുലർ നം. 73/2012/ധന പ്രകാരം വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ധനാനുമതിക്കായി സമർപ്പിക്കുന്ന പ്രൊപ്പോസലുകൾക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയപരിധിക്കുള്ളിൽ ധനാനുമതി നൽകുന്നതിന് കഴിയാത്ത സാഹചര്യം നിലവിൽ ഉണ്ടായിരുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ ഭരണവകുപ്പിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജനുവരി മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ കൂട്ടത്തലായി സമർപ്പിക്കപ്പെട്ടതും ധനകാര്യ (നോഡൽ) വകുപ്പിൽ ആവശ്യമായ ജീവനക്കാരുടെ കുറവും ധനാനുമതി നൽകുന്നതിൽ ഒട്ടേറെ പ്രതിസന്ധികൾ സൃഷ്ടിച്ചിട്ടുണ്ട്. ആവശ്യമായ ജീവനക്കാരെ നിയമിച്ച് പ്രവൃത്തികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ ദ്രുതഗതിയിലാക്കുന്നതിന് ധനകാര്യ പൊതുഭരണ വകുപ്പുകളുടെ ഏകോപനമില്ലായ്മ കാരണമാണെന്ന് കണ്ടെത്തി യിട്ടുണ്ടോ; | ടി വിഷയം ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (സി) ഉണ്ടെങ്കിൽ എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി മാതൃകയിൽ ആസ്തി വികസന ഫണ്ടിന്റെ വിനിയോഗവും നടത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ? | ടി വിഷയം തൽക്കാലം ധനകാര്യ വകുപ്പിന്റെ പരിഗണനയിലില്ല. |

Sreekumar

സെക്ഷൻ ഓഫീസർ